**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. രജിത.ആർ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) നിയമന ഉത്തരവിനായി കാത്തിരുന്ന 06.09.2021 മുതൽ 19.09.2021 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം. ഇഎ1- 54500/2016/ആ.വ.ഡ തീയതി 17.09.2021
2. നം. എ1-2512/22/ജി.മെ.ആ(ആ) പത്തനംതിട്ട തീയതി 26.02.2022

**ഉത്തരവ് നം. ഇ.എ1- 16364/2022/ആ.വ.ഡ തീയതി 29.10.2022**

ആരോഗ്യവകുപ്പിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റായിരുന്ന ഡോ. രജിത.ആർ, ഉപരിപഠനാർത്ഥമുള്ള ശൂന്യവേതനാവധിയ്ക്കു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കാനായി കാത്തുനിന്ന 06.09.2021 മുതൽ 19.09.2021 വരെയുള്ളകാലയളവ് ക്രമപ്പെടുത്തി ഉത്തരവാകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ഡോ. രജിത.ആർ, തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും, പരാമർശം(1) പ്രകാരം ടിയാരിയ്ക്ക് നിയമന ഉത്തരവ് നൽകിയത് 17.09.2021 തീയതിയിലായിരുന്നു. പ്രസ്തുത ഉത്തരവു പ്രകാരം ടിയാരി 20.09.2021ന് പത്തനംതിട്ട കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ. രജിത.ആർ ഉപരിപഠനാർത്ഥമുള്ള ശൂന്യവേതനാവധിയ്ക്കു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കാനായി കാത്തു നിന്ന 06.09.2021 മുതൽ 19.09.2021 വരെയുള്ള കാലയളവ് കേരള സർവ്വീസ് ചട്ടങ്ങളിലെ ഭാഗം 1ലെ, ചട്ടം 12(7) നു ചുവടെയുള്ള കുറിപ്പ് (4) പ്രകാരം ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവാകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. വി മീനാക്ഷി**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്
ഡോ. രജിത.ആർ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി),
ജില്ലാ ആശുപത്രി, കോഴഞ്ചേരി, പത്തനംതിട്ട

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), പത്തനംതിട്ട
3. സൂപ്രണ്ട്, ജില്ലാ ആശുപത്രി, കോഴഞ്ചേരി, പത്തനംതിട്ട
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**